# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 332 01.12.2014 ൽ മറുപടിക്ക്

**ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ജീവനക്കാർക്കുള്ള അവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് ലഭ്യമാക്കാത്ത തിന്റെ കാരണം എന്താണ്; വിശദമാക്കുമോ ; | (എ) | ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് വീക്ക്‌ലി ഓഫും അവധി ദിനങ്ങളിൽ ജോലി ചെയ്യുന്നതിന് കോമ്പൻസേറ്ററി ഓഫും നൽകുന്നുണ്ട്. അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ബി) | പ്രസ്തുത വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കാത്തതിന്റെ കാരണം എന്താണ്? വിശദമാക്കുമോ? | (ബി) | ബോട്ടു സർവ്വീസ് എല്ലാ ദിവസവും മുടക്കം കൂടാതെ നടത്തേണ്ടതുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം 20 കാഷ്വൽ ലീവും 22 കോമ്പൻസേറ്ററി ഓഫും (എൻ. എച്ച്) നൽകുന്നുണ്ട്. ഇപ്രകാരമുള്ള ലീവുകൾ കൂടി കണക്കിലെടുത്താണ് ഒരു ബോട്ടിന് 3 സെറ്റ് ജീവനക്കാരെ (15 ജീവനക്കാർ) അനുവദിച്ചിട്ടുള്ളത്. രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ വിധി വന്നശേഷമേ തീരുമാനം സാദ്ധ്യമാകൂ. |

സെക്ഷൻ ഓഫീസർ